**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3575** **27-06-2024 - ൽ മറുപടിയ്ക്ക്**

**കൊല്ലം ജില്ലയിലെ സ്മാർട്ട് കൃഷിഭവനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൊല്ലം ജില്ലയിൽ എത്ര സ്മാർട്ട് കൃഷിഭവനുകളാണ് അനുവദിച്ചിട്ടുള്ളതെന്ന് മണ്ഡലം തിരിച്ച് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൊല്ലം ജില്ലയിൽ 4 കൃഷി ഭവനുകളെയാണ് സ്മാർട്ട് കൃഷി ഭവനുകളാക്കുന്നതിലേയ്ക്കായി തിരഞ്ഞെടുത്തിട്ടുള്ളത്. ആയതിന്റെ മണ്ഡലം തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു. |
| (ബി) | നിലവിൽ സ്മാർട്ട് കൃഷിഭവനുകൾ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ സ്വീകരിച്ചു തുടങ്ങിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകാമോ? | (ബി) | സംസ്ഥാനത്തെ മുഴുവൻ കൃഷി ഭവനുകളെയും സ്മാർട്ട് കൃഷി ഭവനുകളാക്കി മാറ്റുക എന്നതാണ് സ്മാർട്ട് കൃഷിഭവൻ പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. വർഷാവർഷം ഫണ്ട് ലഭ്യതയുടെ കൂടി അടിസ്ഥാനത്തിലാണ് സ്മാർട്ട് കൃഷി ഭവനുകളാക്കുന്നതിനുള്ള കൃഷി ഭവനുകളുടെ പട്ടിക തയ്യാറാക്കപ്പെടുന്നത്. നടപ്പ് സാമ്പത്തിക വർഷം ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്. |

| ക്രമ നം. | മണ്ഡലം | കൃഷി ഭവൻ |
|---|---|---|
| 1 | പുനലൂർ | കരവാളൂർ |
| 2 | കുണ്ടറ | നെടുമ്പന |
| 3 | ചാത്തന്നൂർ | പരവൂർ |
| 4 | ചവറ | തേവലക്കര |

സെക്ഷൻ ഓഫീസർ